# ദഅ്‌വത്ത്: രീതിശാസ്ത്രവും മാർഗങ്ങളും

**എം. എം. അക്ബർ**

‘ഇസ്‌ലാമിക പ്രബോധനരഗത്ത് പ്രവാചകന്മാരും അനുയായികളും സ്വീകരിച്ച അതേ രീതി ശാസ്ത്രം തന്നെ സ്വീകരിക്കണമെന്ന് നിങ്ങൾ പറയുന്നു. ഒപ്പംതന്നെ ദഅ്‌വത്ത് നടത്തുവാൻ പുതിയ മാർഗങ്ങൾ സ്വീകരിക്കാമെന്ന് വാദിക്കുകയും ചെയ്യുന്നു. ഇത് വൈരുധ്യമല്ലേ?’

‘അല്ല. അല്ലാഹു പഠിപ്പിച്ച മതമാണ് ഇസ്‌ലാം. അതിന് ചില അടിസ്ഥാനാദർശങ്ങളുണ്ട്. ഈ ആദർശങ്ങളാണ് അതിന്റെ അടിത്തറ. പ്രസ്തുത ആദർശങ്ങൾ അംഗീകരിക്കുന്നവർ നിർബന്ധമായും അനുഷ്ഠിച്ചിരിക്കേണ്ട കർമങ്ങളുണ്ട്. അവരുടെ ജീവിതത്തിൽ പിന്തുടരേണ്ട വിധികളുണ്ട്; ഒഴിഞ്ഞുനിൽക്കേണ്ട വിലക്കുകളുമുണ്ട്. ഇസ്‌ലാമിന്റെ അടിസ്ഥാനാദർശങ്ങൾ മനുഷ്യമനസ്സുകളിൽ പരിവർത്തനത്തിന്റെ കാറ്റുവീശുന്നവയാണ്. ഈ പരിവർത്തനമാണ് വിശ്വാസികളെ കർമമാർഗത്തിലേക്കും വിധിവിലക്കുകളിലേക്കും നയിക്കുന്നത്. പ്രവാചകന്മാരെല്ലാം ആദർശപ്രബോധനത്തിന് പ്രഥമ പ്രാധാന്യം നൽകിയത് അതുകൊണ്ടാണ്. ഇസ്‌ലാം മനുഷ്യമനസ്സുകളെ നേടുവാനാണ് ശ്രമിക്കുന്നത്; ശരീരങ്ങളെ നേടുവാനല്ല. മനസ്സിൽ മാറ്റമുണ്ടാവണമെങ്കിൽ ആദർശം ഹൃദയത്തിലേക്ക് സന്നിവേശിക്കണം. പരമകാരുണികനും നീതിമാനും സൂക്ഷ്മജ്ഞനും സർവശക്തനുമായ അല്ലാഹുവിനെ അറിയുകയും അവനെ മാത്രം ആരാധിക്കുകയും മരണാനന്തര ജീവിതത്തിലെ രക്ഷാശിക്ഷകളിൽ വിശ്വസിക്കുകയും സ്വർഗപ്രവേശം ജീവിതത്തിന്റെ ലക്ഷ്യമായി കാണുകയും ദൈവികബോധനങ്ങളാണ് നന്മതിന്മകളെ വ്യവഛേദിക്കുന്നതെന്ന് മനസ്സിലാക്കുകയും വേദഗ്രന്ഥത്തിലൂടെയും പ്രവാചകചര്യയിലൂടെയും വ്യക്തമാക്കപ്പെട്ട നന്മകൾ സ്വീകരിക്കുകയും തിന്മകൾ വെടിയുകയും ചെയ്യണമെന്നാണ് പ്രവാചകന്മാരെല്ലാം പഠിപ്പിച്ചത്. തൗഹീദ്, ആഖിറത്ത്, രിസാലത്ത് എന്നീ സാങ്കേതിക ശബ്ദങ്ങൾ പ്രതിനിധീകരിക്കുന്നത് ഈ ആശയത്തെയാണ്. പ്രവാചകന്മാരെല്ലാം നിർവഹിച്ച ദഅ്‌വത്തിന്റെ രീതിശാസ്ത്രം ഒന്നുതന്നെയായിരുന്നു. തൗഹീദീ പ്രബോധനത്തിനാണ് അവർ പ്രഥമ പ്രാധാന്യം നൽകിയത്. ആഖിറത്തിനെയും രിസാലത്തിനെയും കുറിച്ച ബോധ്യമുണ്ടാക്കിക്കൊണ്ടാണ് അവർ ജനങ്ങളെ സംസ്കരിച്ചത്. നമ്മുടെ പ്രബോധനവും ഈ മാർഗരേഖ ഉൾക്കൊണ്ടുകൊണ്ടാവണം. ആദർശ പ്രബോധനത്തിനാവണം നാം ഒന്നാം സ്ഥാനം നൽകേണ്ടത്. എന്നാൽ തൗഹീദീ പ്രബോധനത്തിന് പ്രവാചകന്മാരെല്ലാം സ്വീകരിച്ചത് ഒരേ മാർഗമല്ല; അവരവരുടെ സമൂഹത്തിന് ഉതകുന്ന രീതിയിൽ, പ്രബോധിതരുടെ മനസ്സിൽ മാറ്റമുണ്ടാക്കാൻ പറ്റുന്ന വിധത്തിലുള്ള വ്യത്യസ്ത മാർഗങ്ങൾ അവർ സ്വീകരിച്ചു. ഒരേ പ്രവാചകൻ തന്നെ പ്രബോധിതരുടെ നിലപാടിനും നിലവാരത്തിനുമനുസരിച്ച് വ്യത്യസ്ത രീതികളിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്തിയതായി കാണാനാവും. ഇബ്‌റാഹിം നബി(അ)യുടെ ഉദാഹരണം നോക്കുക. അദ്ദേഹം പിതാവിനോട് സംസാരിച്ച രീതിയിലല്ല രാജാവിനോട് സംസാരിച്ചത്; വിഗ്രഹാരാധകർക്ക് മുമ്പിൽ ഏകദൈവാരാധനയുടെ പ്രസക്തി ബോധ്യപ്പെടുത്തിയത് പോലെയല്ല നക്ഷത്ര പൂജകർക്ക് ഗോളപൂജയുടെ നിരർഥകത വ്യക്ത മാക്കിക്കൊടുത്തത്. അന്തിമ പ്രവാചകനെ(സ)യെടുക്കുക. മക്കാമുശ്‌രിക്കുകളെ അഭിസംബോധന ചെയ്തപോലെയല്ല വേദക്കാരുമായി അദ്ദേഹം സംവദിച്ചത്. അങ്ങാടിയിൽ പ്രസംഗിക്കുന്ന പ്രവാചകന്റെ രീതിയും രാജാക്കന്മാർക്ക് കത്തെഴുതുന്ന പ്രവാചകന്റെ രീതിയും വ്യത്യസ്തമാണ് ഓരോ പ്രവാചകനും കാലത്തിനും സമൂഹത്തിന്റെ ഗ്രഹണശേഷിക്കുമനുസരിച്ച് വ്യത്യസ്ത രീതികൾ പ്രബോധനത്തിന് വേണ്ടി ഉപയോഗിച്ചിരുന്നു. എന്നാൽ ഈ രീതികളിലൂടെയെല്ലാം അവർ പ്രബോധനം ചെയ്തത് തൗഹീദും ആഖിറത്തും രിസാലത്തും തന്നെയാണ്. പ്രബോധനത്തിന്ന് പ്രവാചകന്മാരുടെ രീതി ശാസ്ത്രം തന്നെയാണ്, വിട്ടുവീഴ്ചകളില്ലാതെ, നാം പിന്തുടരേണ്ടത് എങ്കിലും, ഇസ്‌ലാമിക വിരുദ്ധമല്ലാത്ത വ്യത്യസ്ത മാർഗങ്ങളിലൂടെ ആദർശ പ്രബോധനം നിർവഹിക്കാമെന്ന് നാം പറയുന്നത് പ്രവാചകന്മാരിൽ നിന്നുതന്നെ മാതൃകയുൾക്കൊണ്ടുകൊണ്ടാണ് എന്നർഥം’.

‘എങ്കിൽ പിന്നെ ക്രൈസ്തവ മിഷനറിമാരെപോലെ, സാമൂഹ്യ സേവന പ്രവർത്തനങ്ങളിലൂടെ നമുക്കും ആദർശപ്രബോധനം നടത്തിക്കൂടെ?’

‘ആദർശപ്രബോധനത്തിന് സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ അകമ്പടി വേണമെന്ന് പറയുമ്പോൾ നാം മാതൃകയാക്കുന്നത് ക്രൈസ്തവ മിഷനറിമാരെയാണ്; പ്രവാചകന്മാരെയല്ല. അവിടെ പ്രവാചകന്മാരുടെ രീതിശാസ്ത്രത്തെയാണ് നാം അട്ടിമറിക്കാൻ ശ്രമിക്കുന്നത്. പ്രവാചകന്മാരുടെ കാലത്തും ജനങ്ങൾക്കിടയിൽ

ദുരിതവും പ്രയാസങ്ങളുമെല്ലാം ഉണ്ടായിരുന്നു. പ്രസ്തുത ദുരിതവും പ്രയാസങ്ങളും നീക്കുവാൻ തങ്ങളെക്കൊണ്ട് കഴിയുന്ന രീതിയിൽ പ്രവാചകന്മാരെല്ലാം പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസത്തോടൊപ്പമുള്ള ആദർശ പ്രബോധനമെന്ന മാതൃക അവരിലൊന്നും തന്നെ കാണാൻ നമുക്ക് കഴിയില്ല. പാവപ്പെട്ടവരെ സഹായിക്കുവാനും അഗതികൾക്ക് ആശ്വാസമരുളുവാനും ദുരിതങ്ങൾ ദൂരീകരിക്കുവാനുമുള്ള പ്രവാചകന്മാരുടെ പരിശ്രമങ്ങളുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി മാത്രമായിരുന്നു. തങ്ങളുടെ സാമൂഹ്യസേവന പ്രവർത്തനങ്ങൾ ജനം കാണണമെന്നും അങ്ങനെ അവർ തങ്ങളുടെ ആദർശത്തിന്റെ മഹത്ത്വം മനസ്സിലാക്കണമെന്നും പ്രവാചകന്മാരാരെങ്കിലും കരുതിയിരുന്നതായി പ്രമാണങ്ങളൊന്നും പഠിപ്പിക്കുന്നില്ല. ജനം കാണണമെന്ന് ആഗ്രഹിക്കുന്നതോടെതന്നെ സേവന പ്രവർത്തനങ്ങളുടെ ആത്മാവ് ചോർന്നുപോകുമെന്നും അവ ചെറിയ ശിർക്കായി (അല്ലാഹുവിൽ പങ്കുചേർക്കൽ) പരിണമിക്കുമെന്നുമാണ് ഹദീഥുകൾ നൽകുന്ന പാഠം. അതുകൊണ്ടുതന്നെയാണ് ക്രൈസ്തവർ സ്വീകരിക്കുന്നതുപോലെ പ്രലോഭനങ്ങളിലൂടെയുള്ള പ്രബോധനമെന്ന ആശയത്തിന് ഇസ്ലാമിൽ സ്ഥാനമില്ലെന്ന് പറയുന്നത്. സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് പ്രബോധകർ യാതൊരു പ്രാധാന്യവും നൽകേണ്ടതില്ലെന്നല്ല ഇപ്പറഞ്ഞതിനർഥം. ദുരിതാശ്വാസ പ്രവർത്തനങ്ങളും പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനായുള്ള യജ്ഞങ്ങളും ഒരാളുടെ ഇസ്ലാമിക വ്യക്തിത്വത്തിന്റെ ഭാഗമാണ്. അവ ചെയ്യാത്തവർ മതത്തെ വ്യാജമാക്കുന്നവരാണെന്നാണ് ഖുർആൻ നൽകുന്ന പാഠം (107:1–4). ഒരു മുസ്ലിം അവ ചെയ്യുന്നത് അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ചുകൊണ്ടാണ്. മതപ്രബോധനമാകട്ടെ ജനങ്ങളുടെ മനസ്സ് മാറ്റുന്നതിന് വേണ്ടിയുള്ളതാണ്. ആദർശം പച്ചയായി, പ്രബോധിതർക്ക് മനസ്സിലാകുന്ന രീതിയിൽ, അവരിലേക്ക് എത്തിക്കാനാവുന്ന നിഷിദ്ധമല്ലാത്ത മാധ്യമങ്ങളുപയോഗിച്ച്, അവർക്ക് എത്തിക്കുകയാണ് പ്രബോധകർ ചെയ്യേണ്ടത്; അതാണ് പ്രവാചകന്മാരെല്ലാം ചെയ്തത്.